**രജിസ്റ്റേഡ് വിത്ത് ഏ.ഡി**

**``ഭരണഭാഷ - മാതൃഭാഷ``**

നമ്പർ.എ2. 1497/2014/ഡിഇഐ

ജില്ലാ ഓഫീസ്,
ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്,
ഇടുക്കി, മിനി സിവിൽ സ്റ്റേഷൻ,
തൊടുപുഴ - 685 584
ഫോൺ നമ്പർ: 04862 22856
ഇ-മെയിൽ: ecostatidk@gmail.com
തീയതി: 24.12.2014

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ.എച്ച്.മുഹമ്മദ് നജീബ്
ഹാപ്പിവില്ല.
മുണ്ടക്കയം പി.ഓ
കോട്ടയം ജില്ല.

സർ,

വിഷയം: ഡിഇഐ - ജീവനക്കാര്യം- ശ്രീ.എച്ച്.മുഹമ്മദ് നജീബ് സ്റ്റാറ്റിസ്റ്റിക്കൽ അസ്സിസ്റ്റന്റ് ഗ്രേഡ്-II -ശൂന്യവേതനാവധിയ്ക്കു ശേഷം ജോലിയ്ക്കു ഹാജരാകാത്തത്- നടപടിയെടുക്കുന്നത്- സംബന്ധിച്ച്.

സൂചന: 1). ഈ ആഫീസിലെ 20.8.2014-ലെ എ2.1497/14/ഡിഇഐ നമ്പർ ചാർജ് മെമ്മൊ.
2). താങ്കളുടെ 5.9.2014-ലെ കത്ത്.
3). ആസൂത്രണകാര്യ (ഡി) വകുപ്പിന്റെ 11.5.2009-ലെ സർക്കാർ ഉത്തരവ് (സാധരണ) നമ്പർ. 178/2009/ആ.സ.വ നമ്പർ ഉത്തരവ്.

******

കട്ടപ്പന റീജിയണൽ A.I സെന്ററിൽ സ്റ്റാറ്റിസ്റ്റിക്കൽ അസ്സിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ ജോലി നോക്കിവരവെ താങ്കൾ 01.03.1994 മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും തുടർന്ന് 01.03.1999 മുതൽ 5 വർഷത്തേയ്ക്കും 01.03.2004 മുതൽ 5 വർഷത്തേയ്ക്കും 01.03.2009 മുതൽ 5 വർഷത്തേയ്ക്കും ശൂന്യവേതനാവധി ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. 01.03.2014-ന് ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന താങ്കൾ ജോലിയ്ക്ക് ഹാജരാകാത്ത സാഹചര്യത്തിൽ സൂചന (1) പ്രകാരം താങ്കൾക്ക് കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് മറുപടിയായി സൂചന (2) പ്രകാരം 2 വർഷത്തേയ്ക്കുള്ള താങ്കളുടെ അവധി അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ

സർക്കാർ ഉദ്യോഗസ്ഥർക്ക് പരമാവധി 20 വർഷമാണ് ശൂന്യവേതനാവധി അനുവദിക്കുന്നത്. ടി വിവരം താങ്കളെ സൂചന (3) പ്രകാരം അറിയിച്ചിരുന്നതുമാണ്. ആയതിനാൽ താങ്കളുടെ അവധി അപേക്ഷ പരിഗണിക്കാൻ സാധിക്കുന്നതല്ല. ഈ സാഹചര്യത്തിൽ 1960-ലെ KCS (CCA) ചട്ടം 15 പ്രകാരം താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയതിൻ മേൽ താങ്കൾക്ക് എന്തെങ്കിലും അവസാനമായി ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ കത്ത് ലഭിച്ച് 15 ദിവസത്തിനുള്ളിൽ വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്കൾക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം H4

## <u>നോട്ടീസ്</u>

ശ്രീ. എച്ച്. മുഹമ്മദ് നജീബ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II, റീജിയണൽ എ.എ. സെന്റർ, കട്ടപ്പന എന്നയാളെ അറിയിക്കുന്നതെന്തന്നാൽ, 1960 -ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കാൻ കാരണം കാണിക്കുന്ന താങ്കളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കത്ത് 24.12.2014 ലെ എ2.1497/2014/ഡിഐെ നമ്പർ പ്രകാരം 13.01.2015 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽ വിലാസത്തിൽ അയച്ചിരുന്നു. എന്നാൽ പ്രസ്തുത കത്ത് വിതരണം ചെയ്യപ്പെടാതെ മേൽവിലാസക്കാരൻ ഇൻഡ്യ വിട്ടു എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ടുമെന്റിലേയ്ക്ക് മടക്കി, അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. താങ്കളുടെ വിശദീകരണം ബോധിപ്പിക്കുവാൻ അറിയിച്ചുകൊണ്ടുള്ള കത്തിന്റെ പൂർണ്ണരൂപം നിശ്ചിത കാലാവധിയ്ക്ക് മുമ്പ് ജില്ലാ ആഫീസറിൽ നിന്നും ആഫീസ് പ്രവൃത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകികൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിൻമേലോ താങ്കൾക്ക് വാങ്ങാവുന്നതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്
ഇടുക്കി

ശ്രീ. എച്ച്. മുഹമ്മദ് നജീബ്
ഹാപ്പി വില്ല
മുണ്ടക്കയം പി.ഒ.
കോട്ടയം ജില്ല
പിൻ: 686 513

DISTRICT OFFICE ECONOMICS AND STATISTICS, IDUKKI
Thodupuzha
Pin: 685 584